## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*212. 12.02.2019 ൽ മറുപടിയ്ക്ക്

### മയക്കുമരുന്നു വ്യാപനത്തിനെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | യു.ഡി.എഫ്.സർക്കാരിന്റെ കാലത്ത് മദ്യലഭ്യത കുറച്ചതാണ് മയക്ക് മരുന്നിന്റെ വ്യാപനത്തിന് കാരണമായത് എന്ന ആക്ഷേപം വസ്തുതാപരമായിരുന്നോ; | (എ) | മയക്ക് മരുന്നിന്റെ വ്യാപനത്തിന് കാരണമായി വിലയിരുത്തിയിട്ടുള്ള ഘടകങ്ങളിൽ ഒന്നു മാത്രമാണ് മദ്യ ലഭ്യതയിലെ കുറവ്. |
| (ബി) | എങ്കിൽ ഈ സർക്കാർ കാലയളവിൽ ബാറുകൾ തുറന്ന് മദ്യലഭ്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ മയക്ക് മരുന്ന് ഉപയോഗത്തിലും വ്യാപനത്തിലും കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | മദ്യ വർജ്ജനത്തിന് ഊന്നൽ നൽകുന്ന നയമാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുവാനാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുള്ളത്. ലഹരിക്ക് അടിമപ്പെട്ടവരെ ബോധവൽക്കരിച്ച് പുനരധിവസിപ്പിക്കുന്നതിന് വിമുക്തി മിഷന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനൊപ്പം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മയക്കുമരുന്നു കേസുകൾ കൂടുതൽ കണ്ടുപിടിക്കുന്നതിനും മയക്കുമരുന്ന് വ്യാപനത്തെ തടയുന്നതിനും |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പ് നിതാന്ത പരിശ്രമം നടത്തി വരുന്നു. തികഞ്ഞ ലക്ഷ്യബോധത്തോടുകൂടി നടത്തുന്ന ഈ പ്രവർത്തനങ്ങളിലൂടെ മയക്കുമരുന്നുകൾ അടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപഭോഗം പടിപടിയായി നിയന്ത്രിക്കുവാനും കുറച്ചുകൊണ്ട് വരുവാനും സാധിക്കുന്നതിനൊപ്പം ലഹരിമുക്ത കേരളം എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ കഴിയുന്നതുമാണ്. |
| (സി) | നിരോധിത ലഹരി വസ്തുക്കൾ വിദേശ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വന്ന് വ്യാപകമായി വിതരണം ചെയ്യുന്ന റാക്കറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം എത്രമാത്രം സഹായകമായിട്ടുണ്ട്; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സർക്കാർ ശക്തമായ നടപടി സ്വീകരിച്ചു എന്ന് പ്രഖ്യാപിക്കുമ്പോഴും മയക്ക് മരുന്ന് റാക്കറ്റ് ശക്തിപ്പെടുന്നതിന്റെ കാരണം ശക്തമായ നടപടികൾ ഇല്ലാത്തതും കേരളം അവരുടെ ഒരു സുരക്ഷിത ഹബ്ബ് ആണെന്നതും കൊണ്ടല്ലേയെന്ന് വ്യക്തമാക്കുമോ; | (ഡി) | മയക്കുമരുന്നു റാക്കറ്റിന്റെ ഒരു സുരക്ഷിത ഹബ്ബായി കേരളം മാറിയിട്ടില്ല. അതേ അവസരത്തിൽ മയക്കുമരുന്നിന്റെ സംഭരണം, വിതരണം, ഉപഭോഗം എന്നിവ സംബന്ധിച്ച് വിപുലമായ നിരീക്ഷണം എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വലിയ തോതിൽ മയക്കുമരുന്നുകളുടെ ശേഖരണവും വിതരണവും കണ്ടെത്താനും പിടികൂടാനും കഴിഞ്ഞിട്ടുണ്ട്.<br>മയക്ക്മരുന്ന് കടത്ത് തടയുന്നതിന് ഏറ്റവും ഫലപ്രദവും അതിശക്തവുമായ നടപടികളാണ് |

| | | | |
|---|---|---|---|
| | | | എക്സൈസ് വകുപ്പ് നടത്തി വരുന്നത്. |
| (ഇ) | എങ്കിൽ മയക്ക് മരുന്ന് കടത്തിനെതിരെ നിരന്തരം നിരീക്ഷണം നടത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ഉത്തരവാദിത്തപ്പെട്ട സ്ഥലങ്ങളിൽ സമർത്ഥരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | എക്സൈസ് ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ സ്ക്വാഡുകളും മയക്കു മരുന്ന് കടത്തു നിരീക്ഷിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും നിതാന്ത ജാഗ്രത പുലർത്തി വരുന്നുണ്ട്. ചെക് പോസ്റ്റുകളിലെ പരിശോധനയും വാഹന പരിശോധനയും ശക്തിപ്പെടുത്തിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെയും സംസ്ഥാനത്തിനകത്തെ മറ്റു വകുപ്പുകളിലെയും എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ സഹകരണത്തോടെ സംയുക്ത പരിശോധനകളും സജീവമായി നടത്തി വരുന്നു. കേസ്സുകൾ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുകയും ഗൗരവമുള്ള കേസ്സുകൾ കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ